# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2641 — 09/05/2017-ൽ മറുപടിയ്ക്ക്

## കാർഷികോത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശീതീകരണികൾ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന കാർഷികോത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി ശീതീകരണികൾ ഒരുക്കുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;<br><br>ബി) ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തി നൽകുന്നത് കർഷകർക്ക് വളരെ പ്രയോജനപ്രദമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | എ) & ബി) | കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനും ഹോർട്ടികോർപ്പും ശീതീകരണികൾ ഒരുക്കുന്നതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്.<br><br>വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനു കീഴിൽ അപേഡയുടെ ധനസഹായത്തോടെ വയനാട് ജില്ലയിൽ നിർമ്മാണം പൂർത്തിയായ പായ്ക്ക് ഹൗസിനോടനുബന്ധിച്ച് 20 ടൺ സംഭരണ ശേഷിയുള്ള കോൾഡ് സ്റ്റോറേജ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ ഒരു പായ്ക്ക് ഹൗസിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. 2016-17 സാമ്പത്തിക വർഷം അപേഡയുടെ ധനസഹായത്തോടെ പാലക്കാട്, കൊല്ലം, കോഴിക്കോട് ജില്ലകളിൽ മൂന്ന് പായ്ക്ക് ഹൗസുകൾ കൂടി നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പായ്ക്ക് ഹൗസുകളിലെല്ലാം 20 ടൺ സംഭരണ ശേഷിയുള്ള ശീതീകരണ സംഭരണിയും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൃഷി വകുപ്പിന്റെ ഉടമസ്ഥതയിൽ ആനയറ, മരട് വേങ്ങേരി, മൂവാറ്റുപുഴ, നെടുമങ്ങാട്, സുൽത്താൻബത്തേരി എന്നീ മൊത്തവ്യാപാര മാർക്കറ്റുകളിൽ ശീതീകരണികൾ ലഭ്യമാണ്. കൂടാതെ ഒരു ശീതീകരണി ശൃംഖല സ്ഥാപിക്കുന്നതിനെപ്പറ്റി പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. മേല്പറഞ്ഞ നടപടികളെല്ലാംതന്നെ കർഷകർക്ക് പ്രയോജനപ്രദമാണ്. |
| സി) ഉത്പാദിപ്പിക്കപ്പെടുന്ന കാർഷികോത്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ കഴിയാത്ത കർഷകരെ സഹായിക്കാൻ കഴിയുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ? | സി) | കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുകീഴിൽ കേരളത്തിലുടനീളം 56 വെയർഹൗസുകളിലായി ഏകദേശം 2.25 ലക്ഷം മെട്രിക് ടൺ കപ്പാസിറ്റിയുള്ള ഗോഡൗണുകൾ ഉണ്ട്. വിളവെടുപ്പ് കാലത്ത് ഉത്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവ് തടയുന്നതിന് അവ |

(..........തുടരും)

ശാസ്ത്രീയമായി സൂക്ഷിക്കുകയും ഉത്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന അവസരത്തിൽ കർഷകർക്ക് അത് വിൽക്കുന്നതിനും വെയർഹൗസിംഗ് കോർപ്പറേഷൻ അവസരം ഒരുക്കുന്നു. കൂടാതെ കാർഷികോത്പന്നങ്ങളുടെ മേൽ നൽകുന്ന വെയർഹൗസ് രസീതിന്മേൽ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുന്നതിനുള്ള സൗകര്യവും നൽകിവരുന്നു.

ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ വിളവെടുപ്പി-നായി തയ്യാറായിട്ടുള്ള പച്ചക്കറികൾ സംസ്ഥാനത്ത് എവിടെയുണ്ടെന്ന് വിവരം ലഭിക്കുന്ന മുറയ്ക്ക് അവിടെ നിന്നും കർഷകർക്ക് ന്യായ വില നൽകി സംഭരിച്ച് ഹരിതാ വില്പന യൂണിറ്റുകളിലൂടെ വിപണനം നടത്തിവരുന്നു. അധിക ഉല്പാദനം കാരണം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത ഉല്പന്നങ്ങൾ സംഭരിച്ച് വില കുറച്ച് സൗജന്യമായി ഉപഭോക്താവിന് വിതരണം ചെയ്യുന്നു.

കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളിലും കാളിയൻചന്ത (കൊല്ലം), കുറുപ്പന്തറ (കോട്ടയം), പാവറട്ടി (തൃശ്ശൂർ), ആലപ്പുഴ, തൊടുപുഴ എന്നിവിടങ്ങളിലെ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ കൂടിയും രജിസ്റ്റർ ചെയ്ത കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള BLFO ക്ലസ്റ്ററുകളിൽ കൂടിയും, എക്കോഷോപ്പുകളിൽ കൂടിയും കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ സാധിക്കുന്നു. വി.എഫ്.പി.സി.കെ., മുഖേനയും കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നു. കേരഫെഡ് വഴി പച്ചത്തേങ്ങയും, സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം നെല്ലും സംഭരിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. സ്വാഭാവിക റബ്ബറിന് വില 150 രൂപയിൽ താഴെ ആകുന്ന സാഹചര്യത്തിൽ കിലോയ്ക്ക് 150 രൂപ നിരക്കിൽ വില ഉറപ്പാക്കി വിലസ്ഥിരതാഫണ്ട് കേരള സർക്കാർ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ